# CORAL DIGITAL MAGAZINE

ITHITHANAM H S S MALAKUNNAM





Little Kite presentation

പ്രിയപ്പെട്ടവരേ,

'CORAL'

എന്ന ഈ കൊച്ചു ഡിജിറ്റൽ മാസികയിൽ 2019-20 വർഷത്തെ ലിറ്റിൽ കൈറ്റ്സ് കൂട്ടുകാരുടെയും മറ്റു കുട്ടികളുടെയും കഴിവുകളാണ് കോർത്തിണക്കിയിരിക്കുന്നത്.

കഥ ,കവിത, ചിത്രരചന തുടങ്ങി എല്ലാ സൃഷടികളിലും ലിറ്റിൽകൈറ്റ്സ് കൂട്ടുകാരുടെ സജീവപങ്കാളിത്തമുള്ളതിൽ ഞങ്ങൾ അഭിമാനിക്കുകയും സന്തോഷിക്കുകയും ചെയ്യുന്നു.

' CORAL' എന്ന കലയുടെ കലവറ നിങ്ങൾക്കായി സമർപ്പിച്ചുകൊണ്ട്

നിർത്തട്ടെ.

ലിറ്റിൽ കൈറ്റ്സ് ക്ലബ്ബ്

ഇത്തിത്താനം ഹയർസെക്കണ്ടറി സ്കൂൾ







Little Kite presentation

**എഡിറ്റോറിയൽ ബോർഡ്**

കെ .കെ  മായ

(ഹെഡ്മിസ്ട്രസ്)

ലേഖ കെ ജി

(കൈറ്റ്മിസ്ട്രസ്)

ആർ ശ്രീകുമാർ

(കൈറ്റ്മാസ്റ്റർ)

സഞ്ജയ് റ്റി എസ്

(ചീഫ് എഡിറ്റർ)

അനന്തകൃഷ്ണൻ

(സബ് എഡിറ്റർ)

ബാല്യ എൻ ബോബൻ

(സബ് എഡിറ്റർ)







Little Kite presentation

## ഉള്ളടക്കം


- എന്റെ വിദ്യാലയം (കവിത)
- എന്റെ അമ്മ
- എലിക്കു പറ്റിയ അബദ്ധം (കഥ)
- വ്യക്തിത്വ വികസന ചിന്തകൾ
- പുരുഷാധിപത്യ സമൂഹത്തിൽ ഒരു ശാസ്ത്രജ്ഞ
- എന്റെ ബാല്യകാലം (കവിത)
- സുഹൃത്ത് ബന്ധം (കഥ)
- ഇന്നു ഞാൻ നാളെ നീ
- രക്തത്തിന്റെ ഗന്ധം(കഥ)
- മധുവില്ലം മായമോ ? (കവിത)
- മാവിന്റെ സുഹൃത്ത്(കഥ)
- യാത്രാവിവരണം
- മണ്ണിനെ മറക്കുന്ന മനുഷ്യൻ
- Child Labour (poem)
- Hopeful Eyes (Poem)
- Arts
- Nature
- Forms of Pollution
- Harry Potter


ITHITHANAM HSS





Little Kite presentation

- Beauty of Nature(Poem)
- Tree for life
- Puzzles
- Importance of Cinema in the Human Life







Little Kite presentation



## എന്റെ വിദ്യാലയം

മാധുര്യമൂറുന്നൊരായിരം സ്വപ്നങ്ങൾ
സത്യവഴികളിലൂടണയാൻ
എന്നിലേയ്ക്കേറെ പ്രതീക്ഷകൾ തന്നൊരു
ആരാമമാണെന്റെ വിദ്യാലയം.
തേനൂറും വാക്കുകൾ ചൊല്ലി പഠിപ്പിച്ച
സ്നേഹക്കടലാണെന്നധ്യാപകർ.
ആഴക്കടലിലെ മുത്തുകളാകുമീ
അക്ഷരച്ചെപ്പു തുറന്നീടുവാൻ
എൻ ഗുരുക്കന്മാരർപ്പിച്ചൊരാനന്ദം
എത്രയോ സമ്പന്നമായിരുന്നു.
വെള്ളയും നീലയും വർണ്ണങ്ങൾ ചാലിച്ച്
സസ്യസുരഭിയായ് വാഴുമ്പോഴും
സത്യത്തിൻ പാതയെ കാണിച്ചുതന്നൊരു
അത്ഭുതമാണെന്റെ വിദ്യാലയം.
കൂരിരുൾ നീക്കി നീ ജ്ഞാനമഹിമയെ
പൈതങ്ങൾ തൻ ഹൃത്തിൽ വേണ്ടുവോളം
നിത്യവുമേകുന്ന ശക്തിസ്വരൂപത്തിൻ







Little Kite presentation

വാഹിനിയാണെന്റെ  വിദ്യാലയം.

നാലുചുവരുകൾക്കുള്ളിലായ് നിന്ന ഞാൻ
വിജ്ഞാന ദാഹം ശമിപ്പിക്കുമ്പോൾ
ആവോളമാനന്ദം എന്നിലേയ്ക്കർപ്പിച്ച
വേദാന്ത സത്താണെൻ വിദ്യാലയം

കളിയും ചിരിയും കുസൃതിത്തരങ്ങളും
മേളിച്ചൊരാനന്ദ നിർവൃതിയിൽ
ഒന്നുകൂടാ  ദിനമോടിയണയുവാൻ
കാത്തിരിക്കുന്നിതാ വ്യർത്ഥമായി.

അച്ഛനും അമ്മയും ചൊല്ലിപ്പഠിപ്പിച്ച
പാഠങ്ങളൊക്കെയും വീണ്ടുമെന്നിൽ
ആനന്ദധാരയായ് കോരിച്ചൊരിഞ്ഞീടാൻ
കാരണമായതെൻ വിദ്യാലയം.

സ്വപ്നങ്ങൾ കാണുവാനെന്നെ പഠിപ്പിച്ച
മുത്തശ്ശിയാണെന്റെ വിദ്യാലയം
ഒരായിരം കഥ മന്വന്തരങ്ങളിൽ
ഓതുന്ന തോഴനി വിദ്യാലയം.

നറുനിലാവിൻ വെളിച്ചത്തിലെന്നുമെൻ
സ്മൃതിപഥത്തിലേയ്ക്കാനയിക്കാൻ
ആരുമെൻ കൂട്ടിനായ് വന്നില്ലയെങ്കിലും
ആരാധിച്ചീടുന്നു  നിന്നെയെന്നും.

പരിമളം പൂശി നീ ഗ്രാമാന്തരീക്ഷത്തിൽ
പൗർണ്ണമിത്തിങ്കളായ്  നിന്നിടട്ടെ
വിജ്ഞാന ദീപത്തിൻ പാതയിലെന്നും

നിൻകീർത്തി മുഖരിതമായിടട്ടെ.

ASWATHY  S

ITHITHANAM HSS





Little Kite presentation

## എന്റെ അമ്മ



അമ്മ എന്ന രണ്ടക്ഷരത്തിനന്റെ മൂല്യം
വിവരിക്കാനാവില്ലാർക്കുമീ ഭൂമിയിൽ
നെഞ്ചിനുള്ളിലെ  സ്നേഹവാൽസല്യങ്ങളെ
മറക്കുവാനാവില്ലൊരിക്കലും.
വേനൽമഴ പോലെ ആശ്വാസമേകും
അമ്മ തൻ കരലാളനങ്ങൾ
കാറ്റിൻ തലോടലുപോൽ മാർദ്ദവമേകും
അമ്മ തൻ പരിലാളനങ്ങൾ.
അമ്മയെ വർണ്ണിക്കുവാൻ
നിഘണ്ടുവിലില്ല വാക്കുകൾ
അമ്മ തൻ സ്നേഹ ദൈർഘ്യത്തെ
അളക്കുവാൻ മന്നിലിന്നില്ല അളവുകോൽ.
അമ്മ തൻ മുഖശോഭക്കു മുമ്പിൽ
സൂര്യപ്രഭപോലും നിഷ്പ്രഭം
നിൻ രക്തം നൽകി എനിക്കു
നീ നൽകിയ ജീവൻ
ആ സ്നേഹത്തിൻ മുമ്പിൽ
അമ്മേ നിനക്കു പ്രണാമം.

ആതിര സിബി
ക്ലാസ്സ് 10 ബി

ITHITHANAM HSS





Little Kite presentation

# എലിക്കു പറ്റിയ അബദ്ധം (കഥ)



ഒരു ദിവസം ഒരു പച്ചക്കറിതോട്ടത്തിൽ പല്ലവൻ എന്ന് പേരുള്ള എലി വന്നു.അവിടെ ധാരാളം പച്ചക്കറികൾ ഉണ്ടായിരുന്നു.അവിടെ നിന്ന മത്തങ്ങായോട് എലി പറഞ്ഞു നിന്നെ തിന്നാൻ പോകുന്നു.ഹ.....ഹ....ഹ എന്ന് മത്തങ്ങ ചിരിച്ചു. പല്ലവൻ മത്തങ്ങയോട് ചോദിച്ചു നീ എന്തിനാണ് ചിരിച്ചത്. ആദ്യം എന്റെ അനുജനായപാവയ്ക്കയെ തിന്നിട്ടു മതിഎന്നെ തിന്നുവാൻ.പല്ലവൻ എലി അതു സമ്മതിച്ചു.മത്തങ്ങായുടെ അനുജനായ പാവക്കയെ എലി കറു മുറായെന്നു കടിച്ചു തിന്നു.ഹും! നിന്റെ അനുജനായ പാവക്കായ്ക്ക് ഇത്ര വലിയ കയ്പ്പാണെങ്കിൽ നിനക്ക് എത്ര മാത്രം കയ്പ്പായിരിക്കുമെന്നു പറഞ്ഞവൻ നാണിച്ചു തല കുനിച്ചു ഓടിപ്പോയി.പിന്നെ ആ പ്രദേശത്തെങ്ങും അവനെ ആരും കണ്ടിട്ടില്ല. അങ്ങനെ മത്തങ്ങായും അവന്റെ കൂട്ടുകാരായ പാവൽ ,പടവലം തുടങ്ങിയ കൂട്ടുകാരും സുഖമായിജീവിച്ചു.

അലീന സെബാസ്റ്റ്യൻ

സ്റ്റാൻഡേർഡ് 8 എ







Little Kite presentation

# വ്യക്തിത്വവികസന ചിന്തകൾ

1 .വിജയത്തിലേക്കുള്ള ആദ്യ കാൽവയ്പ്പാണ് പരാജയം

2. അത്യാഗ്രഹി വിശന്ന ഭ്രാന്തനെപ്പോലെയാണ്
നിയമങ്ങൾക്കൊന്നും അവൻ വിധേയനല്ല.

3. പ്രവർത്തിച്ച തേഞ്ഞു പോകലാണ് വെറുതെയിരുന്ന് തുരുമ്പ് പിടിക്കുന്നതിലും ഭേദം.

4. ജീവിതം ഹ്രസ്വമാണ് .അത് അശ്രദ്ധമായി സമയം ചിലവഴിച്ച് നാം പിന്നെയും ഹ്രസ്വമാക്കുന്നു.

5. അവകാശങ്ങൾ സംരക്ഷിക്കാൻ തുനിയുന്നവർക്കേ അവകാശങ്ങളുള്ളൂ.

6. ആത്മവിശ്വാസം ധീരതയുടെ ആരംഭമാണ്.

7. ആത്മവിശ്വാസം നഷ്ടപ്പെട്ടാൽ അധഃപതനത്തിന്റെ ആരംഭമാണ്.

8. ആത്മപ്രകാശനമല്ല , ആത്മ ത്യാഗമാണ് മനുഷ്യന്റെ ഉന്നത ജീവിതം.

9. നികുതി ചുമത്തപ്പെടാത്ത സമ്പത്താണ് ആരോഗ്യം.

10. നല്ല മനുഷ്യന്റെ ഒരു വാക്ക് ദീർഘപ്രസംഗത്തേക്കാൾ സ്വാധീനം ചെലുത്തുന്നു.

11.അലസത ഭിക്ഷാടനത്തിന്റെ താക്കോലും തിന്മകളുടെയെല്ലാം അടിവേരുമാണ്.

12. ഉപദേശം മഞ്ഞുപോലെയാണ്, മാർദ്ദവമേറിയതാണ്,മനസ്സിന്റെ അടിത്തട്ടിലേക്ക് കിനിഞ്ഞിറങ്ങുന്നു.

13. നിയന്ത്രണമില്ലാത്ത കോപം മനുഷ്യനെ വിരൂപനും മൃഗതുല്യനുമാക്കുന്നു.

14. ചിരിക്കാനറിയാത്ത മുഖം വിടരാത്ത പൂമൊട്ടിനു സമമാണ്.

15.ദരിദ്രൻ ഗുണങ്ങളുടെ വിളനിലമായിരിക്കും.

16.മനുഷ്യന്റെ ആവശ്യത്തിനുള്ളത് പ്രകൃതിയിലുണ്ട്,അത്യാഗ്രഹത്തിനുള്ളത് ഇല്ലതാനും.

17.ഭാഗ്യം മനുഷ്യന്റെ സൃഷ്ടിയാണ്.

18.എന്നിലെ ചെളി ചൂണ്ടിക്കാട്ടും മുമ്പേ നിങ്ങളുടെ വിരൽ വൃത്തിയാക്കൂ.

19.പ്രവൃത്തി വാക്കിനേക്കാൾ വാചാലമാണ്.

20.ശ്രവിക്കുകയാണ് സ്നേഹത്തിന്റെ ഒന്നാമത്തെ കർത്തവ്യം.

21.മനോനിയന്ത്രണം വ്യക്തിത്വത്തിന്റെ അളവുകോലാണ്.

22.നന്മയും തിന്മയും സുഖവും ദുഃഖവുംസമ്പത്തും ദാരിദ്ര്യവും സൃഷ്ടിക്കുന്നത് മനസ്സാണ്.

23.സ്നേഹത്തിന്റെ നോട്ടം മിഴികൾക്കൊണ്ടല്ല.മനസ്സുകൊണ്ടാണ്.

24.വിളക്കു കത്തിച്ചിട്ട് പറയുടെ കീഴിൽ വയ്ക്കാറില്ല,അത് വിളക്കു പീഠത്തിൽ വയ്ക്കുന്നതു കൊണ്ട് വീട്ടിലുള്ളവർക്കെല്ലാം വെളിച്ചം ലഭിക്കുന്നു.

25.മധുരമായ സംസാരം ഒരു കലയാണ്.

നന്ദന ബിനു

ITHITHANAM HSS





Little Kite presentation

സ്റ്റാൻഡേർഡ് 8A

# പുരുഷാധിപത്യസമൂഹത്തിൽ ഒരു ശാസ്ത്രജ്ഞ

**മാരി ക്യൂറിയുടെ പ്രശസ്തിയുടെ മുഖ്യകാരണം അവരുടെ 1898 ലെ പൊളോണിയത്തിന്റെയും റേഡിയത്തിന്റെ യും കണ്ടുപിടിത്ത മാണെന്നതിൽ സംശയമില്ല. എങ്കിലും ഈ ലേഖനത്തിൽ പറയാൻ പോകുന്നത് അവരെക്കുറിച്ചും അവരുടെ ജീവിതത്തിലെ പ്രധാനപ്പെട്ട വ്യക്തികളെക്കുറിച്ചുമാണ് . ഒരു നൂറ്റാണ്ടു മുമ്പ് ,അച്ഛന്റെയോ, സഹോദരന്റെയോ,ഭർത്താവിന്റെയോ, പ്രോൽസാഹനവും പിന്തുണയുമില്ലാതെ ഒരു സ്ത്രീയുടെ ഗവേഷണനേട്ടങ്ങളെ,പൊതുജനമധ്യത്തിൽ പോകട്ടെ, അക്കാദമിക രംഗത്തുപോലും അംഗീകരിക്കപ്പെടാൻ വളരെ വിഷമമുള്ള കാര്യമായിരുന്നു.**

**തന്റെ ആദ്യത്തെ മകൾ ജനിച്ച് കുറച്ച് ആഴ്ചകൾക്കകം മേരി തന്റെ പി എച്ച് ഡി ഗവേഷണവിഷയമായ ബെക്കറേൽ രശ്മികളെക്കുറിച്ചുള്ള പഠനം തുടങ്ങി.പിയേർ ക്യൂറി ഉണ്ടാക്കിയ ഒരു പീസോ ഇലക്ട്രിക്ക് ക്വാർട്ട്സ് ഉപകരണം ഉപയോഗിച്ചാണ് അവർ വികിരണങ്ങൾ അളന്നത്. ഗവേഷണത്തിലെ പരീക്ഷണഭാഗം പൂർണ്ണണമായും അവരുടേതായിരുന്നു.പ്രത്യേകിച്ച് ലവണങ്ങളെ പരിശോധിക്കൽ.എങ്കിലും പിയേറും മാരിയും ഒന്നിച്ച് പ്രവർത്തിച്ചതിനാലും മാരി ഒരു പി എച്ച് ഡി വിദ്യാർത്ഥി ആയതിനാലും പിയേറിന്റെ സഹായവും ഉപദേശവും അവർക്ക് ഗുണം ചെയ്തു.ഇന്നത്തെ സമ്പ്രദായമനുസരിച്ച് ഗവേഷകയുടെ സൂപ്പർവൈസറും ആ കുറിപ്പിൽ പേര് ചേർത്തിരിക്കും. തീർച്ചയായും മാരി മാത്രം ഒപ്പിടണമെന്ന കാര്യത്തിൽ പിയേർ നിഷ്ക്കർഷിച്ചിട്ടുണ്ടാവാം.അതേ വർഷം ജൂലൈയിലും ഡിസംബറിലും അവർ പ്രസിദ്ധീകരിച്ച പൊളോണിയത്തിന്റെയും റേഡിയത്തിന്റഎയും കണ്ടുപിടുത്തം പ്രഖ്യാപിച്ച പേപ്പറുകളിൽ രണ്ടു പേരുടേയും പേരുണ്ടായിരുന്നു.1903 ൽ അവരും ഹെന്റി ബെക്കറേലും ഊർജ്ജതന്ത്രത്തിൽ നൊബേൽ സമ്മാനം പങ്കിട്ടു.1911 ൽ രണ്ടാം നൊബേലിന് വഴിതുറന്നുകൊടുത്തു.അതോടുകൂടി മാരി ലോകത്തിലെ ആദ്യത്തെ പ്രശസ്തയായ ശാസ്ത്രജ്ഞയായി.**

ഹരിദേവ് കെ എ

ക്ലാസ്സ് 10 എ







Little Kite presentation

# എന്റെ ബാല്യകാലം(കവിത)

ഞാൻ ആകാശത്തേക്ക നോക്കന്നു
കാർമേഘങ്ങൾ കൂടി നിൽക്കന്നു
 പിന്നെ മഴ അതാ പെയ്യുന്നു
ചറ പറ മഴ പെയ്യുന്നു
അത് നോക്കി നിൽക്കന്നു എൻ
ദേഹത്തേക്ക് ഇറച്ചിൽ മെല്ലെ അടിക്കന്നു
ഞാൻ  മഴയിലേക്ക ചാടുന്നു
ചെളി വെള്ളത്തിൽ കളിക്കന്നു
ചാടി ചാടി കളിക്കന്നു
ഇതാണെന്റെ ബാല്യം
എന്റെ കൊച്ചു ബാല്യം.

അതുല്യാമോൾ എ
സ്റ്റാൻഡേർഡ്   .8 എ

ITHITHANAM HSS





Little Kite presentation

# സുഹൃത് ബന്ധം (കഥ)

ഒരു ക്ലാസ്സിൽ പഠിക്കുന്ന ഉറ്റ സുഹൃത്തുക്കളായിരുന്നു ചിന്നുവും ചിപ്പിയും.ചിന്നു സാമ്പത്തികമുള്ള കുടുംബത്തിലെയും, ചിപ്പി സാമ്പത്തികമില്ലാത്ത കുടുംബത്തിലേയുമാണ്.ഒന്നാം ക്ലാസ്സ് മുതൽ അവർ ഒന്നിച്ചാണ് പഠിച്ചിരുന്നത്.ഇപ്പോൾ അവരുടെ 10ാം ക്ലാസ്സ് പഠനം പൂർത്തിയാക്കി.എന്നാൽ ചിപ്പിക്ക് തുടർന്നു പഠിക്കുവാൻ സാമ്പത്തികം അനുവദിച്ചില്ല.ചിന്നു പഠനം തുടർന്നു.അവൾ ദിവസങ്ങളോളം ചിപ്പിയെ കാത്തിരുന്നു. ഒടുവിൽ അവളുടെ വീട്ടിൽ പോകാമെന്നു തീരുമാനിച്ചു.ചിപ്പിയുടെ വീട്ടിൽ കണ്ട കാഴ്ച അവളെ നൊമ്പരപ്പെടുത്തുന്നതായിരുന്നു.ചിപ്പിയുടെ അച്ഛൻ സുഖമില്ലാതെ കിടപ്പിലാണ്.അമ്മ മരുന്നിനും മറ്റാവശ്യങ്ങൾക്കുമായി പോകുമ്പോൾ അച്ഛനെ ശുശ്രൂഷിക്കുന്നത് ചിപ്പിയാണ്.ചിന്നു യാത്ര പറഞ്ഞിറങ്ങി.

ചിന്നു അന്നു തന്നെ അച്ഛനോട് ചിപ്പിയുടെ അവസ്ഥയെക്കുറിച്ച് പറഞ്ഞു. അവളെ തുടർന്നു പഠിപ്പിക്കാമോയെന്നും അവളുടെ അച്ഛനെ ചികിൽസിക്കാമോയെന്നും ചിന്നു ചോദിച്ചു. മോളുടെ ആഗ്രഹത്തിന് ആ അച്ഛൻ എതിരു നിന്നില്ല. ഇതറിഞ്ഞ ചിപ്പി അതിയായി സന്തോഷിച്ച് കെട്ടിപ്പിടിച്ചു കരഞ്ഞു.വീണ്ടുംവീണ്ടും അവർ പഠനം തുടങ്ങി.

വർഷങ്ങൾ കടന്നു പോയി ,അവർ രണ്ടു പേരും അറിയപ്പെടുന്ന ഡോക്ടർമാരായി.ചിപ്പിയുടെ അച്ഛൻ തന്റെ സാധാരണ ജീവിതത്തിലേക്കു മടങ്ങി വന്നു.ഇതു പോലെ ഒരു സുഹൃത്തിനെ കിട്ടിയത് ഭാഗ്യം തന്നെ.ഇല്ലെങ്കിൽ ഇപ്പോഴും നമ്മുടെ വീട്ടിൽ ദാരിദ്ര്യവും കണ്ണീരും മാത്രമായിരുന്നേനെ. ചിപ്പിയുടെ അച്ഛൻ ആനന്ദാശ്രുക്കൾ പൊഴിച്ചു.

അബി അജി
ക്ലാസ്സ് 8 എ

ITHITHANAM HSS





Little Kite presentation

# ഇന്ന ഞാൻ നാളെ നീ..............

മനുഷ്യരുടെ വിവിധ പ്രവർത്തനങ്ങൾ മൂലം ആവാസം നഷ്ടപ്പെടുന്ന കുറെ ജീവികളെ പരിചയപ്പെടാം

## ക്യാപിബാറ



കരളുന്ന ജീവികളിലെ ഏറ്റവും വലിപ്പമേറിയജീവിയാണ് ക്യാപിബാറ.ഒരു മീറ്ററിലധികം നീളവും 65 കിലോഗ്രാം വരെ ഭാരവും ഇവയ്ക്കുണ്ടാവും.ഭാഗികമായി ജലത്തിൽ ജീവിക്കുന്ന ഇവ പൂർണ്ണ സസ്യഭുക്കാണ്.മനുഷ്യരുടെ വിവിധപ്രവർത്തനങ്ങൾ മൂലം ആവാസം നഷ്ടപ്പെടുന്നതാണ് ക്യാപിബാറയുടെ എണ്ണത്തിൽ കുറവു വരുത്തിയത്.

## ഇന്ത്യൻ കാണ്ടാമൃഗം



ഇന്ത്യയെക്കൂടാതെ നേപ്പാൾ ,ഭൂട്ടാൻ , പാക്കിസ്ഥാൻ തുടങ്ങിയ രാജ്യങ്ങളിലും കണ്ടുവരുന്ന ഈ മൃഗങ്ങൾക്ക് 7 അടി വരെ ഉയരവും 3000 കിലോഗ്രാമിലധികം ഭാരവുമുണ്ടാകും. കാഴ്ചയ്ക്ക് ഭീകരൻമാരാണെങ്കിലും പടച്ചട്ടയണിഞ്ഞ ഈ ഒറ്റക്കൊമ്പൻമാർസസ്യഭുക്കുകളാണ്. പുല്ല് ,പഴങ്ങൾ ,ഇലകൾ ,ജലസസ്യങ്ങൾ തുടങ്ങിയവയാണ് ഇഷ്ട ഭക്ഷണങ്ങൾ

## മലയണ്ണാൻ

**ഇന്ത്യൻ ഉപദ്വീപിൽ മാത്രം കാണപ്പെടുന്ന ഇവയ്ക്ക് മലബാർ അണ്ണാനെന്നും പേരുണ്ട്.ശരാശരി 1.5-2**









Little Kite presentation

**കിലോഗ്രാം ഭാരവും 16 ഇഞ്ച് വരെ ശരീരനീളവും ഇവയ്ക്കുണ്ടാകും. മരങ്ങളിലെ ദ്വാരങ്ങളിൽ കൂടുണ്ടാക്കിയാണ് ഇവ കഴിയുന്നത്. പൂക്കൾ ,പ്രാണികൾ ,മുട്ടകൾ തുടങ്ങിയവ ആഹാരമാമാക്കുന്നു. ഉച്ചത്തിൽ ശബ്ദമുണ്ടാക്കുന്നതാമ് ഇവയുടെ മറ്റൊരു സവിശേഷത.**

ഭീമൻ പാണ്ട



ലോകവന്യജീവിസംഘടനയുടെ ചിഹ്നം എന്ന നിലയിലും പ്രശസ്തരായ ഭീമൻ പാണ്ടകൾ പടിഞ്ഞാറൻ ചൈനയിലാണുള്ളത്. വെളുപ്പും കറുപ്പും നിറത്തിൽകട്ടിക്കമ്പിളി പുതച്ചതുപോലെയുള്ള ശരീരമാണിവയ്ക്കുള്ളത്.ശരാശരി 120 കിലോഗ്രാം ഭാരവും ഒന്നര മീറ്ററിലധികം നീളവും ഈ സുന്ദരൻമാർക്കുണ്ടാകും.ഒരു ദിവസം ഏകദേശം 14 മണിക്കൂർ വരെ ആഹാരം കഴിക്കാനായി ചിലവഴിക്കുന്ന ഇവയുടെ ഇഷ്ടഭക്ഷണം മുളയുടെ ഇലകളാണ്.മുളങ്കാടുകൾ വൻതോതിൽ നശിച്ചുകൊണ്ടിരിക്കുന്നതും ,ജനനനിരക്ക് വളരെ കുറവായതും ഭീമൻ പാണ്ടകളുടെ നിലനിലിപ്പിനു ഭീഷണിയാണ്.

Amangovind 8 C







Little Kite presentation

# രക്തത്തിന്റെ ഗന്ധം (കഥ)

സന്ധ്യ മയങ്ങുന്ന നേരം.അവൾ വാതിലടച്ച് മുറിയിലിരുന്നു.അമ്മ ഇതു വരെ വന്നിട്ടില്ല. എങ്കിലും അവൾ കാത്തിരുന്നു.അയലത്തെ പയ്യനോട് അമ്മ പറഞ്ഞിട്ടുണ്ട് "ഒന്നു നോക്കിയേക്കണേ."

പെട്ടെന്ന് വാതിലിൽ ആരോ മുട്ടുന്ന ശബ്ദം."അമ്മ വന്നു".അവൾ ഓടി ചെന്നു വാതിൽ തുറന്നു.

* * * * * *

"മോളെ വാതിൽ തുറക്ക്" അമ്മ വന്നിരിക്കുന്നു.വാതിലിൽ മുട്ടിയപ്പോൾ തന്നെ അതു തുറന്നു വന്നു. ആ കാഴ്ച അവരെ ഞെട്ടിപ്പിച്ചു.രക്തത്തിൽ കുളിച്ച സ്വന്തം മകൾ.അവർ വാവിട്ടു കരഞ്ഞു..........

ശബ്ദം കേട്ട് അയലത്തെ പയ്യൻ ഓടി വന്നു."മോനെ" അവർ അവന്റെ തോളിലേക്ക് ചാഞ്ഞു..........

അവന്റെ ഷർട്ടിൽ മകളുടെ ചോരയുടെ ഗന്ധം അവർ ശ്വസിച്ചു.

**മഹിമ കെ സെറില്ലോ**

**സ്റ്റാൻഡേർഡ് 10 ബി**







Little Kite presentation

# മധുവിലും മായമോ ?



ഞെട്ടുന്നയ്യോ ഞാനെന്റെ -
ദു:ഖം ജനിപ്പിക്കും ഓർമ്മകളെ
ദൂരത്തു കാൺകയാൽ സദാ
ഞെട്ടുന്ന ഞാനയ്യോ?......

ഒരുനേരം ഞാനെന്റെ ഓമൽ ചെടികളെ
ഓമനിച്ചങ്ങനെ നിന്നിട്ടുമ്പോൾ
മധുവുണ്ടു മത്തനായ് തീർന്നോരു ശലഭം ഹാ!
മരണത്തിലേക്കു വഴുതിയല്ലോ.

പൂവിന്റെ സത്യത്തിൽ വിശ്വസിച്ചാ പാവം
ശലഭത്തിനിങ്ങനെ പറ്റിയല്ലോ
പ്രകൃതി തൻ അമൃതമാം മധുവിലും ഹാ കഷ്ടം!
മായത്തിൻ അംശം കലർന്നുവല്ലോ

നാം ഓരോ പൂവിലെ ശലഭമാണല്ലോ
നാളെ നമ്മുക്കുമിതു തന്നെയല്ലോ
സർവ്വവും മായത്തിലാണ്ടുവല്ലോ
മമ ജീവനും മായത്തിലാഴ്ന്നുവല്ലോ.

നന്ദന ബിനു

സ്റ്റാൻഡേർഡ് 8 A

ITHITHANAM HSS





Little Kite presentation

## മാവിന്റെ സുഹൃത്ത്

എന്നും രാവിലെ കിളികളുടെ ശബ്ദം കേട്ടാണ് അനു ഉണരാറുള്ളത്.എന്നാൽ ഇന്ന് അവൾ ഉണർന്നത് ഏതോ മരം മുറിക്കുന്ന ശബ്ദം കേട്ടാണ്.ആ ശബ്ദം എന്താണെന്നറിയാൻ അവളുടെ മുറിയിലെ ജനാലയിലൂടെ വെളിയിലേക്കു നോക്കി. താൻ ഓമനിച്ചു വളർത്തിയ തന്റെ പ്രിയപ്പെട്ട മാവ് ആരൊക്കെയോ ചേർന്ന് വെട്ടി മാറ്റാൻ ഒരുങ്ങുന്നു.അവൾ ഞെട്ടലോടെ മുറ്റത്തേക്കിറങ്ങി ചെന്നു. അവളുടെ മനസ്സിൽ വേദനയായിരുന്നു. തന്റെ സുഹൃത്തും സഹോദരനുമെല്ലാമായിരുന്നു ആ മാവ്.എല്ലാ വർഷവും തനിക്കു മാമ്പഴം തന്ന് സന്തോഷിപ്പിച്ചിരുന്നത് ആ മാവായിരുന്നു.അവൾ കരഞ്ഞുകൊണ്ട് അമ്മയോടു ചോദിച്ചു എന്തിനാണമ്മേ എന്റെ മാവു മുറിക്കുന്നത്. അമ്മ പറഞ്ഞു നമ്മുടെ പുതിയ വീടിന്റെ പണിക്കുവേണ്ടിയാണ്.ആ സമയം അവളുടെ കൂട്ടുകാരി അമ്മു അതു വഴി പോയപ്പോൾ അവളോട് ഇവിടെ എന്താണ് നടക്കുന്നതെന്ന് ചോദിച്ചു. തങ്ങളുടെ പ്രിയപ്പെട്ട മാവു മുറിക്കാൻ പോകുകയാണെന്ന് അനു പറഞ്ഞു.അമ്മുവിനും അതു വിഷമമായി. അവരുടെ 2 പേരുടേയും വിഷമവും മാവിനോടുള്ള സ്നേഹവും മനസ്സിലാക്കിയ അനുവിന്റെ അമ്മ മാവ് വെട്ടേണ്ടെന്ന് തീരുമാനിച്ചു.അനുവിനും അമ്മുവിനും സന്തോഷമായി.അവർ ആ മാവിനെ സന്തോഷത്തോടെ പരിപാലിച്ചു.ആ മാവിലെ തേൻ കനികൾതിന്ന് ആഘോഷമാക്കി അവരുടെ ജീവിതം.

അഞ്ജന അഭിലാഷ്

സ്റ്റാൻഡേർഡ് 10 ബി









# യാത്രാവിവരണം



സൂര്യൻ ഉദിച്ചു വരുന്ന ആകാശം, വെളിയിൽ നല്ല മഞ്ഞ്. അന്ന് ഒരു ഞായറാഴ്ചയാണ്.രാവിലെ ഞാനും എന്റെ കുടുംബവും അമ്മ വീട്ടിൽ പോകുകയാണ്.ഞങ്ങൾ പച്ച വിരിച്ച പാടത്തിന്റെ വരമ്പിലൂടെ പ്രയാണം ആരംഭിച്ചു.നല്ല തണുത്ത ഇളം കാറ്റ്  എന്റെ നെറ്റിത്തടങ്ങളിൽ തഴുകിത്തലോടി.മനസ്സിൽ നല്ല ഉന്മേഷം ,എന്തെന്നില്ലാത്ത സന്തോഷം. പാടം കഴിഞ്ഞ് ഞങ്ങൾ ബസ് സ്റ്റോപ്പിലെത്തി.ബസ്സിൽ കയറിയപ്പോൾ പതിവു പരിപാടി തന്നെ, ആരു ജനൽ അരികിൽ ഇരിക്കും..മൂന്നു പേർക്കും ഇരിക്കണം,ഞങ്ങൾ അനിയനു വിട്ടു കൊടുത്തു.പുറം കാഴ്ചകൾ കാണാൻ നല്ല രസമായിരുന്നു.ബസ്സിൽ ഇരിക്കുമ്പോൾ അതിശക്തിയായി വീശുന്ന കാറ്റ്.ഇതാ വാലടി എന്ന സ്ഥലം തുടങ്ങി.പച്ച വിരിച്ച പാടം ,ചില പാടത്തിന്റെ നടുവിൽ വീടുകൾ.പോകുന്ന വഴിയിലെ കാഴ്ചകൾ  കാണുന്ന ഇടയ്ക്ക് ഒരു കാര്യം എന്റെ ശ്രദ്ധയിൽ പെട്ടു. രണ്ടു കുട്ടികൾ നടന്നു പോകുന്നു. അത്  എന്റെ രണ്ടു സുഹൃത്തുക്കളായിരുന്നു.ബസ്സ് പെട്ടെന്ന് പോയതു കാരണം അവരെ വിളിക്കാൻ സാധിച്ചില്ല.ആ സമയം മനസ്സിലൊരൽപ്പം നൈരാശ്യമുദിച്ചെങ്കിലും യാത്രയുടെ ഉല്ലാസം അതെന്നെ മറക്കാൻ പ്രേരിപ്പിച്ചു.

ഞങ്ങൾ കൃഷ്ണപുരത്തെത്തി.അവിടുത്തെ ആറ് കാണാൻ നല്ല രസമായിരുന്നു. ഞങ്ങൾ ബോട്ടു കാത്ത് ,ബോട്ടുജെട്ടിക്കരികിലായി സ്ഥിതി ചെയ്യുന്ന ആൽമരത്തണലിലിരുന്നു.ഞങ്ങൾ ബോട്ടിൽ യാത്ര തുടർന്നു.കാതടപ്പിക്കുന്ന ബോട്ടിൽ നങ്കൂരങ്ങൾക്കിടയിലും പറം കാഴ്ചകൾ കാണാൻ നല്ല രസമായിരുന്നു.തെങ്ങുകൾ വെള്ളത്തിലേക്കു ചാഞ്ഞു നിൽക്കുന്നു.കുട്ടികൾ വെള്ളത്തിൽ







Little Kite presentation

നീന്തുന്നു,അമ്മമാർ അലക്കുന്നു.ബോട്ടുകൾ നീങ്ങുമ്പോൾ വെള്ളത്തിലെ ഓളങ്ങൾ.അങ്ങനെയങ്ങനെ എണ്ണമറ്റ കാഴ്ചകൾ തുടർന്നു.അങ്ങനെ ഞങ്ങൾ അമ്മ വീട്ടിൽ  ചെന്നു. ആറിന്റെ അരികിൽ വീട്.

അവിടെ മദാമ്മമാർ ആറിന്റെയും ,അവിടുത്തെ സ്ഥലങ്ങളുടേയും ഭംഗി കാണാൻബോട്ടിൽ ചുറ്റിക്കറങ്ങുന്നു.എന്തു ഭംഗിയാണ് അവിടം കാണാൻ.എന്നാൽ മറ്റൊരു തരത്തിൽ ചിന്തിച്ചാൽ ടൂറിസവും, ആ ആറുകളെ മലിനമാക്കുന്നു, എന്നതും മറക്കാനാവാത്ത സത്യമാണ്.മാലിന്യങ്ങൾ നിറഞ്ഞ ആ നദി എന്റെ മനസ്സിൽ വേദനയുണർത്തി.എങ്കിലും മനുഷ്യന്റെ ലാഭക്കൊതി കലർന്ന നോട്ടമിതുവരെ പതിയാത്ത കുറെ സുന്ദരക്കാഴ്ചകൾ എന്റെ മനസ്സിനു കുളിർമയേകി.ഒരിളം തെന്നൽപോലെ മണിക്കൂറുകൾ കടന്നുപോയി.ഉദയസൂര്യൻ കിരണങ്ങൾ പിൻവലിച്ച് സ്വയമൊരു സിന്ദൂരപ്പൊട്ടായി പരിവർ ത്തനപ്പെട്ടു. പടിഞ്ഞാറൻ ചക്രവാളത്തിലേക്കൊഴുകി നീങ്ങുന്ന സൂര്യനൊപ്പം  ഞങ്ങളും ഗൃഹത്തിലേക്കു മടങ്ങി.

ചെറുതെങ്കിലും ,പരിചിതമായ പാതയെങ്കിലും കാലചക്രത്തിന്റെ ദ്രുതഗതിയിലുള്ള ചലനത്തിലും മനസ്സിന്റെ അടിത്തട്ടിൽ ഓർമ്മയുടെയും സൗന്ദര്യത്തിന്റെയും  നിലയ്ക്കാത്ത ഓളങ്ങളെ അലതല്ലിച്ച ആ മനോഹരയാത്രയുടെ ഓർമ്മകൾ ഇന്നും എന്റെ ഹൃദയത്തിൽമായാതെ  കിടപ്പുണ്ട്.

Athira siby STD X B

ITHITHANAM HSS





Little Kite presentation

# മണ്ണിനെ മറക്കുന്ന മനുഷ്യൻ

ഇന്നത്തെ സമൂഹത്തിലെ മനുഷ്യർ പ്രകൃതിക്കുവേണ്ടി വാദിക്കുന്നുണ്ടെങ്കിലും ,പ്രകൃതിയെ സ്നേഹിക്കുന്നില്ല.പ്രകൃതി സംരക്ഷകരേയും പ്രകൃതി സ്നേഹിക്കുന്നവരേയും കാണാൻ അമേരിക്ക വരെ പോകേണ്ട ആവശ്യമില്ല.ആത്മാർത്ഥ മനസ്സോടെ ഒന്നു കണ്ണോടിച്ചാൽ ഈ കൊച്ചു കേരളത്തിലെ ഓരോ മൂലക്കും നമുക്കു പ്രകൃതിയെ സ്നേഹിക്കുന്ന കർഷകരെ കാണാം. എന്നാൽ ഇത്തരം ആളുകളുടെ എണ്ണം ഇന്നത്തെ സമൂഹത്തിൽ കുറഞ്ഞുകൊണ്ടിരിക്കുന്നു.

ഇന്ന് മനുഷ്യൻ ഏറ്റവും അറയ്ക്കുന്നതും വെറുക്കുന്നതുമായ പ്രകൃതി വിഭവമാണ് മണ്ണ്.മനുഷ്യന്റെ ആവാസവ്യവസ്ഥയ്ക്ക് വളരെയധികം അനിവാര്യമായ ഒരു ഘടകമാണ് മണ്ണ്. മണ്ണില്ലാത്ത ലോകം, അത് ഒരിക്കലും നമ്മുക്ക് ചിന്തിക്കാനാവില്ല.മണ്ണിനെ ഏറെ വെറുപ്പോടെ ഇന്ന് നോക്കുന്ന മനുഷ്യർ നാളെ മണ്ണിന്റെ മഹത്വം വാഴ്ത്തിപ്പാടിയേക്കാം.കണ്ണില്ലാത്തപ്പോഴേ കണ്ണിന്റെ വില അറിയൂ എന്ന ഉപമയാണ് ഇന്നത്തെ മനുഷ്യ സമൂഹത്തിന് ഏറെ യോജിച്ചത്. മണ്ണ് വളരെയധികം ലഭ്യമായ ഒരു സമൂഹത്തിലാണ് നാം ഇന്ന് താമസിക്കുന്നത്.അതിനാൽ തന്നെ മണ്ണ് എന്ന മൂല്യവത്തായ പ്രകൃതിവിഭവത്തിന്റെ വില ഇന്നത്തെ മനുഷ്യൻ മറന്നു പോയിരിക്കുന്നു. മണ്ണിനെ അറയ്ക്കാത്തവർ ,അതിനെ വെറുപ്പോടെ നോക്കുകയും അമിതമായി ചൂഷണം ചെയ്യുകയും ചെയ്യുന്നു.

മണ്ണിനെ അറപ്പോടെയും , വെറുപ്പോടെയും നോക്കുന്ന മനുഷ്യരുടെ കണ്ണിൽ ഭയത്തിന്റെ അരണ്ട വെളിച്ചം മിന്നുന്നുണ്ട്. മണ്ണിലേക്കിറങ്ങാനും മണ്ണിനെ അടുത്തറിയുവാനും ഇന്ന് മനുഷ്യർ പേടിക്കുന്നു.മനുഷ്യർ കരുതുന്നു , മണ്ണാണ് മനുഷ്യന് രോഗങ്ങൾ സമ്മാനിക്കുന്നതെന്ന്.എന്നാൽ നാമൊരു സത്യം മനസ്സിലാക്കുന്നില്ല.മണ്ണിനെ സ്നേഹിക്കാത്ത പക്ഷം മണ്ണെന്നും നമ്മുടെ മനസ്സിൽ ഭയമുളവാക്കുന്ന ഒരു സ്വപ്നം മാത്രമായിത്തീരും.നാം ഒരു സത്യം മനസ്സിലാക്കേണ്ടയിരിക്കുന്നു. മണ്ണല്ല നമ്മുക്കു രോഗങ്ങളെ സമ്മാനിക്കുന്നത്,മറിച്ച് മണ്ണിനോടുള്ള ബന്ധക്കുറവാണ് .മണ്ണിന്റെ മഹത്വം അറിയാത്ത ഒരു കൂട്ടം മനുഷ്യരാണ്







Little Kite presentation

ഇന്നത്തെ സമൂഹത്തിന്റെ സമ്പാദ്യം.പണ്ടുള്ള മനുഷ്യർ മണ്ണിൽ ഇറങ്ങി ,കഷ്ടപ്പെട്ട് പണിയുമായിരുന്നു.അന്ന് അവരുടെ ദൈവമായിരുന്നു മണ്ണ്.എന്ന് മനുഷ്യന്റെ മണ്ണിലുള്ള അധ്വാനം നിലച്ചോ, അന്ന് മനുഷ്യൻ മണ്ണിനെ വെറുക്കാൻ പഠിച്ചു.നല്ലൊരു നാളേക്കായി നാം പഴയശീലങ്ങൾ തിരിച്ചു കൊണ്ടു വരണം.മണ്ണിനെ സ്നേഹിക്കാൻ കഴിയുന്ന ഒരു സമൂഹം നാളെ ഉണ്ടാകട്ടെ എന്ന് നമ്മുക്ക് പ്രാർത്ഥിക്കാം.

പാർവ്വതി എസ്

ക്ലാസ്സ് 10 ബി

ITHITHANAM HSS





Little Kite presentation

# ENGLISH CORNER









# Child Labour  (Poem)

Child Labour
Why should we suffer
Why should we pay?
Why should we do this everyday?
We are tried of doing this everyday
Stop child labour
Our cuts and bruises aren't healing
As we do this day by day
It's like they feel,but have no feelings
And aren't bothered of what we have to say
We are tried of doing this everyday
Stop child labour.

SABARINADH  9B







Little kite presentation

# Hopeful Eyes  (Poem)


shutterstock.com • 700472083

Hopeful Eyes, Happy Smiles
hopeful eyes,happy smiles
Soft hands, million dreams
Is this not the identity of a child
Then why do I see
Tear filled eyes, terrified faces
Rough hands,and shattered dreams
Deprived of their childhood
Overloaded with work
Burdened with responsibility
At such young age
So much to learn and
So much to accomplish
But not given enough time
Fight for a cause
Raise your voice
Stop child labour.

AKSHYA SABU

ITHITHANAM HSS





Little Kite presentation

# ARTS...........



DEVIKA R CLASS 7A

ARJUN CLASS 9B

GOVIND G CLASS 7A







KIRAN CLASS IXB

ITHITHANAM HSS





Little Kite presentation

ARJUN V.S     CLASS     IXB



ITHITHANAM HSS





Little Kite presentation

# COVER PAGE

ADITHYA NARAYANAN CLASS VIIA



ITHITHANAM HSS





Little Kite presentation

# NATURE



*As a ford mother,when the day is o'er,*
*Leads by the hand her little child to bed,*
*Half willing, half reluctant to be led,*
*And leave his broken plaything on the floor,*
*Still gazing of them through the open door,*
*Nor wholly reassured and comforted*
*By promises of other in their stead,*
*Which, through more splendid, may not please him*
*more;*
*So nature deals with us, and takes away*
*Our playthings one,and by the hand.*
*Leads us to rest so gently,that we go*
*Scarce knowing if we wish to go or stay,*
*Being too full of sleep to understand*
*How far the unknown transcends that what we know*

*_HENRY WARDS WORTH LONYFELLOW*

*[1807-1882]*

*DEVU RETHEESH 9B*







Little Kite presentation

# FORMS OF POLLUTION

Air pollution – the release of chemicals and particulates into the atmosphere. Common gaseous pollutants include carbon monoxide, sulphur dioxide, chlorofluro carbons ,and nitrogen oxides produced by industry and motor vehicles. Photochemical ozone and smog are created as nitrogen oxides and hydrocarbons react to sunlight. Particulate matter or fine dust is characterized by their micrometre size 10 PM to 2.5 PM.

Light Pollution – includes light trespass over- illumination and astronomical interference.

Social contamination occurs when chemicals are released by spill or underground leakage. Among the most significant soil contaminants are hydrocarbons, heavy metals, MTBE, herbicides,pesticides and chlorinated hydrocarbons.

Radioactive contamination,resulting from 20th century activities in atomic physics,such as nuclear power generation and nuclear weapons research, manufacture and deployment.

Visual pollution, which can refer to the presence of overhead powerlines, motorway billboards, scared landforms open storage of trash, municipal solid waste or space debris.

Water pollution, by the discharge of waste water from commercial and industrial waste into surface water, discharges of unctreated domestic sewage and chemical contaminants into surface run off following to surface waters [Urban run off and agricultural run off, which may pesticides; also including human feces from open defecation still a major problem in many developing countries ]groundwater pollution from waste disposal and leaching into the ground including from pit latrines and septic tanks; eatrophication and littering.

Littering- the criminal throwing of inappropriate man-made objects, unremoved , onto public and private properties.







Little Kite presentation

Noise pollution – which encompasses roadway noise,aircraft noise, industrial noise as well as high intensity sonar.

Plastic pollution – involves the accumulation of plastic product and microplastics in the environment that adversely affects wildlife, wildlife habitat or humans.

Thermal pollution – is a temperature change in natural water bodies caused by human influence, such as use of water as coolant in a power plant.

Devu Retheesh
9B

ITHITHANAM HSS





Little kite presentation

# Harry Potter

Harry Potter is a British  American film series based on the Harry Potter  novels by the author J. K Rowling . The series is distributed by warner Bros  and consist of eight fantasy films, beginning with 'Harry Potter' and the Philosopher's stone(2001)and culminating with 'Harry Potter ' and Deathly hallows port. (2011). The series was mainly produced by David Heyman,. Four directors worked on the series-Chris columbus,Alfonso Cuaron, mike new ell and David Yats

Harry Potter is a fantasy  novels. A world wide known films and novel. The life of a young wizgrd, Harry Potter and his friends Ron weasley and Hermonie granger, all of wnom are students at Hogwarts school of Witch craft and wizardry. In the film Daniel Raddiff is starring as Harry Potter. zmma watson as Hermoine granger and Rupert grint as Ron weasley

Balu     STD 9

ITHITHANAM HSS





Little Kite presentation

# Child labour

speech

Child labour is a big social problem.Very often we see some minor boys and girls are working in the tea restaurants,and hotel

and in the small shops in some big industries also, minor boys and girls have been working for houses at present in the agricultural sector, they were working with their parents or other workers. These minor workers are called child labourers.

The poverty is the main reason which has forced the children to work. As a result, the children do not get the time for education . As they have to accept hard work before their maturity, they lose their health and they are deprived ot having the scope for spiritual, psychological and cultural development

It is altogether in human to engage the children as labourers. William blake, the great poet and Chalers dickens the novelist raised their voice of protest against it for the first time. They have exposed the misbehavours to child laboures in their main writings. After wards, many effective rules and regulations have been passed aganist the cruel system.

MAHESH D NAIR, 9B







Little Kite presentation

# *Beauty of Nature*(*poem*)



*Beautiful  and graceful*
*Varied and enchanting*
*small but approachable*
*Butterflies lead you to the*
*sunny side of life*
*And everyone deserves  a*
*little sunshine*
And *gave more care,*
*to the nature*
*for a hopefull tomorrow*

*DEEPAK prakash 9B*







Little Kite presentation

# Tree for life

A tree produce 260 pounds of oxygen in a year. Also, a tree can absorb as much carbon dioxide produced by a car driving 26,000 miles. Research shows that 15.3 billions trees are cut down every year

Refered to as the “LUNGS OF THE EARTH”the Amazon Rain forest has been reduced to20% of its original size over the last 40 years.

**SAVE EARTH, SAVE TREE**
**AND**
**SAVE LIFE BY YOURSELF**

NANDANA C CLASS 9

ITHITHANAM HSS





Little Kite presentation

**PUZZLES**

# Down

1, The largest animal in the world
4, The tallest animal in the world
5, largest bird
6, The bird of peace
7, The animal love carrot

# Right

2,The smallest bird in the world
3, King of forest
8, Biggest animal in land
9,Animal gives milk

| | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|
| W | | | | | | | | | | | | | |
| H | U | M | M | I | N | G | B | I | R | D | | | |
| A | | | | | | I | | | A | | | | |
| L | I | O | N | | | R | | | B | | | | |
| E | | S | | | | R | | | B | | | | |
| | | T | | | | A | | | I | | | | |
| | | R | | | | F | | | T | | | | |
| | | I | | | | E | L | E | P | H | A | N | T |
| | | C | O | W | | | | | E | | | | |
| | | H | | | | | | | G | | | | |
| | | | | | | | | | I | | | | |
| | | | | | | | | | O | | | | |
| | | | | | | | | | N | | | | |

ITHITHANAM HSS







SHARON AUGUSTINE STD, 9D

# Importance of Cinema In The Human life

Movie is a wonderful magic.We are interested in watching movies.Did we ever think the influence of movies in our life? No, we didn't we are watching it only as a part of entertainment. There is an another face to film, other than as a form of entertainment. It is a reflection of our society . It influences us a lot more than any other media. Todays youth is so much interested in imitating the dressing style,fashion ,hairstyle etc of the heroes and heroines of the film.

The important thing is ,we should not imitate it blindly .We must be able to identify the negatives in films. Film play an important role in changes of a society.Both of them influence each other. The films can be considered as a gateway to the past. From old films we can attain a clear cut idea of the society in the past ,the language ,the dress code ,the kind of vehicles that existed in that era can be known from old films.Films can also be served as a means of protest against certain disparties in the society

SREELAKSHMI G







Little Kite presentation

## വരകൾ.......വർണ്ണങ്ങൾ.......



നന്ദന ബിനു, ഐശ്വര്യ ,ദിയ പ്രശ്യാം







Little Kite presentation

വരകൾ.......വർണ്ണങ്ങൾ.......



ഗോവിന്ദ് ജി ,ആദിത്യനാരായണൻ, അക്ഷയ, ദേവിക ആർ നായർ

ITHITHANAM HSS





Little Kite presentation

# രചനകൾ.........................



അഞ്ജന അഭിലാഷ്, ദിവ്യ വി ബി, അശ്വിനി ആർ, പാർവ്വതി എസ്,

മഹിമ കെ സെറില്ലോ ,മറ്റു കൂട്ടുകാർ...........

ITHITHANAM HSS





Little Kite presentation

# സഹായം........

ശ്രീമതി. അനില പി. നായർ
(HSA MALAYALAM)

ശ്രീമതി. അശ്വതി എസ്സ്
(HSA ENGLISH)

ശ്രീമതി. അഞ്ജലി എ
(HSA ENGLISH)

ITHITHANAM HSS





Little Kite presentation

ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ



ITHITHANAM HSS





# Little Kite presentation



ITHITHANAM HSS





Little Kite presentation



ITHITHANAM HSS





Little Kite presentation



# നന്ദി

*****************************

ITHITHANAM HSS

